**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 579** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കേരളബാങ്ക്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഉല്ലാസ് കോവൂർ
ശ്രീ. വിഷ്ണു മോഹൻ
ശ്രീ. വി. കുഞ്ഞികൃഷ്ണൻ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** 13 ജില്ലാ ബാങ്കുകളെ ലയിപ്പിച്ച് കേരളബാങ്ക് രൂപീകരിച്ച നടപടി സംസ്ഥാനത്തെ സഹകരണമേഖലയെ പ്രതികൂലമായി ബാധിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** പ്രാഥമിക സഹകരണ സംഘങ്ങളുടെ അപ്പക്സ് ബാങ്ക് എന്ന നിലയിൽ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലും, വെല്ലുവിളികൾ നേരിടുന്നതിലും കേരള ബാങ്കിന് വേണ്ടത്ര കഴിഞ്ഞിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രാഥമിക സഹകരണ ബാങ്കുകൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യങ്ങളിൽ കേരളബാങ്കിൽ നിന്നും യാതൊരു സഹായവും ലഭിക്കുന്നില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** കേരള ബാങ്കിന്റെ ആകെ ബിസിനസ്സിന്റെ 50 ശതമാനം പ്രാഥമിക സംഘങ്ങളുടെ വിഹിതമാണ്. പ്രാഥമിക സംഘങ്ങളെ ശക്തിപ്പെടുത്തേണ്ടത് കേരള ബാങ്കിന്റെ കടമയാണ്. എന്നാൽ പ്രതിസന്ധി നേരിടുന്ന പ്രാഥമിക ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനായി കേരള ബാങ്ക് തയ്യാറാക്കിയ പുനരുദ്ധാരണ പദ്ധതി നിലവിലുണ്ടെങ്കിലും ഭാരതീയ റിസർവ്വ് ബാങ്കിന്റെ കർശന നിർദ്ദേശങ്ങൾ പാലിക്കേണ്ടി വരുന്നതിനാൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കാര്യമായ സഹായം എത്തിക്കാൻ കഴിയുന്നില്ല

**(സി)** ജില്ലാബാങ്കുകൾ നിലനിന്നിരുന്നുവെങ്കിൽ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് തകർച്ച നേരിടുന്ന സാഹചര്യങ്ങളിൽ നിക്ഷേപകർക്ക് പണം നഷ്ടപ്പെടുന്നത് ഒഴിവാക്കാനാകുമായിരുന്നു എന്ന അഭിപ്രായം പരിശോധിക്കുമോ;

**<u>മറുപടി:</u>** അത്തരം അഭിപ്രായം നിലവിലുണ്ട്. ആയത് സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നത് ആലോചനയിലുണ്ട്.

**(ഡി)** കേരള ബാങ്ക് സംവിധാനത്തിൽ നിന്ന് മാറി ജില്ലാ ബാങ്ക് സംവിധാനം പുനസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**